35/4
19/2/18

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം - തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme) -യുടെ നടത്തിപ്പിനായുള്ള മാനദണ്ഡങ്ങളിൽ പുതുതായി വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (സാധാ) നം.08/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 02.02.2018.

=====================================================================

പരാമർശം:
1. സ. ഉ. (സാധാ) നം.70/2013/പി.സ.വി.വ, തീയതി 16.08.2013.
2. സ. ഉ. (സാധാ) നം.87/2017/പി.വി.വി.വ, തീയതി 16.08.2017.
3. സ. ഉ. (സാധാ) നം.116/2017/പി.വി.വി.വ, തീയതി 30.10.2017.
4. 06.12.2017 -ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബിസിഡിഡി-എ 3-1423/2017 നമ്പർ കത്ത്.

## ഉത്തരവ്

പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര, സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പൊതു / സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ മൽസര ശേഷിയും നൈപുണ്യവും വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ലഭിക്കുന്നതിന് പ്രാപ്തരാക്കുകയെന്ന ഉദ്ദേശത്തോടെയാണ് പരാമർശം 1-ലെ ഉത്തരവ് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് തൊഴിൽ അവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employability Enhancement Programme) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രസ്തുത ഉത്തരവിൽ ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഇതിന്റെ തുടർച്ചയായി പരാമർശം 2, 3 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2017-18 വർഷം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. എന്നാൽ ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആനുകൂല്യം അനുവദിക്കുമ്പോൾ താഴ്ന്ന വരുമാനക്കാരായ വളരെ പിന്നോക്ക സാമ്പത്തിക സ്ഥിതിയിലുള്ളതും താരതമ്യേന മികവ് പുലർത്തുന്നതുമായ കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാവാത്ത സ്ഥിതിയാണുള്ളതെന്നും ആയതിനാൽ വിധവകളുടെ മക്കൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരക രോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ എന്നിവർക്ക് ആനുകൂല്യം അനുവദിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം മെഡിക്കൽ / എഞ്ചിനീയറിംഗ് പരിശീലനം, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം എന്നിവയിൽ പൊതു മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായി തെരഞ്ഞെടുപ്പിൽ പ്രത്യേക പരിഗണന നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് വിവേചനാധികാരം നൽകണമെന്ന് പരാമർശം 4 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(.....2)

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിലവസരങ്ങൾ ഉയർത്തുന്ന പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് വിധവകളുടെ മക്കൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരക രോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽ പ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് 10% അധികരിക്കാത്ത തരത്തിൽ, ഇളവ് അനുവദിച്ചുകൊണ്ടും ടി പദ്ധതിയുടെ പൊതുമാനദണ്ഡങ്ങളിൽ 10-ാമത്തെ ഇനമായി ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ടി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.